# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 242 08.02.2016-ൽ മറുപടിയ്ക്ക്

### വർഗ്ഗീയത ചെറുക്കാൻ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ സി. ദിവാകരൻ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| (എ) വർഗ്ഗീയത ആളിപ്പടർത്തുന്നതിന് ചില ശക്തികൾ ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തിവരുന്നതായുള്ള എത്ര സംഭവങ്ങളാണ് ഈ സർക്കാരിന്റെ കാലത്ത് ശ്രദ്ധ യിൽപ്പെട്ടിട്ടുള്ളത് ; ഇവ ചെറുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ? | (എ) വർഗ്ഗീയത പടർത്തുന്നതിനുള്ള ശ്രമങ്ങൾ തുടക്കത്തിൽ തന്നെ ഇല്ലാതാക്കുന്നതിനുള്ള ശ്രമങ്ങൾ ആണ് നടത്തി വരുന്നത്. ജാതി മത മൗലിക സംഘടനകളുടെയും മറ്റും പ്രവർത്തനം സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നു. വർഗ്ഗീയ സംഘർഷങ്ങൾ ഒഴിവാക്കുന്നതിനു ജാഗ്രത സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. എല്ലാ മാസവും ജില്ലാ തലത്തിൽ, ജില്ലാ കളക്ടറുടെയും വകുപ്പ് മേധാവികളുടേയും പ്രതിനിധികളുടെയും യോഗം ചേർന്ന് സംഭവ ങ്ങൾ അവലോകനം ചെയ്തു പരിഹാര മാർഗ്ഗങ്ങൾ തേടുന്നു. കൂടാതെ വർഗീയ സംഘർഷങ്ങൾ നേരിടുന്നതിന് സുശക്തമായ പോലീസ് നടപടി കൾ സ്വീകരിക്കുന്നതിനു ജില്ലാ തലത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി വേണ്ടത്ര മുൻ കരുതൽ നടപടികൾ സ്വീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ